# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.10.2025**

### പ്രധാനവാർത്തകൾ

1. കേന്ദ്ര സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും മൂന്ന് ശതമാനം വർധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. രാജ്യത്തുടനീളം 57 പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കാനും തീരുമാനം.

2. രാജ്യത്ത് മികച്ച വ്യവസായ സൗഹൃദ അന്തരീക്ഷമുള്ള സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. നാളെ ഗാന്ധിജയന്തി. രാജ്യമെമ്പാടും വിപുലമായ പരിപാടികൾ; തിരുവനന്തപുരത്ത് ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും.

4. നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. നാളെ വിദ്യാരംഭം; ആദ്യാക്ഷരം കുറിക്കാനൊരുങ്ങി കുരുന്നുകൾ.

5. എയിഡഡ് സ്കൂൾ നിയമനങ്ങൾ സംബന്ധിച്ച പ്രശ്നങ്ങളിൽ സർക്കാർ ചർച്ചയ്ക്ക് തയ്യാറെന്ന് മന്ത്രി വി ശിവൻകുട്ടി.

&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

കേന്ദ്ര മന്ത്രിസഭ

കേന്ദ്ര സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും മൂന്ന് ശതമാനം വർധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭ തീരുമാനം. ഏകദേശം 49.2 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്കും 68.7 ലക്ഷം പെൻഷൻകാർക്കും ഇതിൻറെ പ്രയോജനം ലഭിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഈ വർഷം ജൂലൈ 1 മുതൽ മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭിക്കും. 5,862 കോടി രൂപയിലധികം ചെലവിൽ രാജ്യത്തുടനീളം 57 പുതിയ കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. നാലായിരത്തി അറുനൂറ് അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. 2026-27 ലെ വിപണന കാലയളവിലെ റാബി വിളകളുടെ മിനിമം താങ്ങുവില വർദ്ധിപ്പിക്കുന്നതിനും അനുമതിയായി.

RNUTVPM

&&&&&&&&&&&&&&&&&&

ആർഎസ്എസ് ശതാബ്ദി ആഘോഷം-പിഎം(**INTRO**)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ആർഎസ്എസിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു. ആർ എസ് എസ് ശതാബ്ദി സ്മാരക തപാൽ സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കി. ആർ.എസ്.എസിന്റെ പ്രവർത്തനം രാഷ്ട്രനിർമ്മാണം ലക്ഷ്യമിട്ടുള്ളതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്...)

&&&&&&&&&&&&&&&&&&

മുഖ്യമന്ത്രി - കണ്ണൂർ സ്പിന്നിങ് മിൽ

രാജ്യത്ത് മികച്ച വ്യവസായ സൗഹൃദ അന്തരീക്ഷമുള്ള സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ ചൊവ്വയിലെ കാനന്നൂർ സഹകരണ സ്പിന്നിംഗ് മില്ലിൻറെ രണ്ടാംഘട്ട നവീകരണ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിൻറെ വ്യാവസായിക രംഗത്ത് പ്രമുഖ സ്ഥാനം ചൊവ്വയിലെ സഹകരണ സ്പിന്നിംഗ് മില്ലിന് ഉണ്ടെന്ന് ചടങ്ങിൽ അധ്യക്ഷനായ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.

&&&&&&&&&&&&&&&&&&

ഗാന്ധിജയന്തി

നാളെ ഗാന്ധിജയന്തി. രാജ്ഘട്ടിലെ ഗാന്ധി സമാധിസ്ഥലത്ത് പുഷ്പാർച്ചന, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പരിപാടികൾ തുടങ്ങിയവ നടക്കും. ഗാന്ധിജയന്തി ദിനം അന്താരാഷ്ട്രതലത്തിൽ അഹിംസാ ദിനമായും ആചരിച്ചുവരുന്നു. അഹിംസയെ സാർവത്രിക തത്വമായി അംഗീകരിച്ച് ആഗോള സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും സംസ്കാരം പ്രോത്സാഹിപ്പിക്കുന്ന പ്രമേയം 2007 ജൂണിലാണ് ഐക്യരാഷ്ട്ര പൊതുസഭ അംഗീകരിച്ചത്. ശുചിത്വം പ്രോത്സാഹിപ്പിക്കുന്ന സ്വച്ഛ് ഭാരത് മുതൽ ഖാദി, ഗ്രാമീണ വ്യവസായങ്ങളുടെ പുനരുജ്ജീവനം വരെയുള്ള പരിപാടികൾ ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് രാജ്യത്തു നടന്നു വരികയാണ്.

PNUTVPM

&&&&&&&&&&&&&&&&&&

ഫിറ്റ് ഇന്ത്യാ മൂവ്മെന്റ്

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ ജന്മവാർഷിക ദിനത്തോടനുബന്ധിച്ച് നാളെ സംസ്ഥാനത്തും വിവിധ പരിപാടികൾ. ഫിറ്റ് ഇന്ത്യാ മൂവ്മെന്റിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ 6.0,

സംഘടിപ്പിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. കവടിയാർ സ്ക്വയറിൽ നിന്ന് രാവിലെ 6:30 ന് ആരംഭിക്കുന്ന ഫ്രീഡം റൺ സെൻട്രൽ സ്റ്റേഡിയത്തിൽ സമാപിക്കും.

&&&&&&&&&&&&&&&&&&

നവരാത്രി

നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. മഹാനവമി ദിനമായ ഇന്ന് ക്ഷേത്രങ്ങളിൽ വൻ ഭക്തജന തിരക്കാണ് അനുഭവപ്പെട്ടത്. വിജയദശമി ദിനമായ നാളെ പൂജയെടുപ്പിന് ശേഷം വിദ്യാരംഭ ചടങ്ങുകൾ നടക്കും. ആദ്യാക്ഷരം കുറിക്കാനുള്ള തയ്യാറെടുപ്പിലാണ് കുരുന്നുകൾ. കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളായ കോട്ടയം പനച്ചികാട് സരസ്വതി ക്ഷേത്രം, ചോറ്റാനിക്കര, ആറ്റുകാൽ, പൂജപ്പുര സരസ്വതി മണ്ഡപം എന്നിവിടങ്ങളിൽ വിദ്യാരംഭത്തിനുള്ള സൗകര്യമുണ്ടാകും.

RJUTVPM

&&&&&&&&&&&&&&&&&&

നവരാത്രി- കണ്ണൂർ (**INTRO**)

രണ്ടാം ദസറ എന്നറിയപ്പെടുന്ന കണ്ണൂരിലെ നവരാത്രി ആഘോഷങ്ങളിൽ വൻതിരക്ക്. നൃത്തവും സംഗീതവും അരങ്ങു തകർത്ത രാവുകൾ കണ്ണൂരിനെ കൂടുതൽ മനോഹരമാക്കി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ**
**(വോയിസ്)**

&&&&&&&&&&&&&&&&&&

**കൊല്ലൂർ മൂകാംബിക - INTRO**

ദക്ഷിണ കർണാടകയിലെ പ്രസിദ്ധമായ കൊല്ലൂർ മൂകാംബികാ ക്ഷേത്രത്തിൽ ഇന്ന് , നവരാത്രി ആഘോഷണങ്ങളുടെ ഭാഗമായുള്ള പുഷ്പ രഥോത്സവം നടന്നു. നിരവധി ഭക്തരാണ് ഇത്തവണയും കൊല്ലൂരിൽ എത്തിയിട്ടുള്ളത്.

ആകാശവാണി പ്രതിനിധി പി ജഗന്നിവാസൻ തയ്യാറാക്കിയ റിപ്പോർട്ട്...
(വോയിസ്)

&&&&&&&&&&&&&&&&&&

മിലിട്ടറി നഴ്സിംഗ് ശതാബ്ദി

തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിൽ മിലിട്ടറി നഴ്സിംഗ് സർവീസിന്റെ ശതാബ്ദി ആഘോഷങ്ങൾ സംഘടിപ്പിച്ചു. ഒഫീഷ്യേറ്റിംഗ് മേട്രൺ-ഇൻ-ചീഫ് കേണൽ പ്രിയങ്കയുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ പാങ്ങോട് മിലിട്ടറി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ മുഖ്യാതിഥിയായി. പാങ്ങോട് സൈനിക ആശുപത്രിയിലെയും, സൈനിക കേന്ദ്രത്തിലെയും നിരവധി ഉദ്യോഗസ്ഥർ പങ്കെടുത്തു.

RNU TVPM

&&&&&&&&&&&&&&&&&&

മുഖ്യമന്ത്രി പിണറായി വിജയൻ - ഉദ്ഘാടനം

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിൻ്റെ 'സംസ്ഥാന തല ഉദ്ഘാടനം, മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കാസർകോട് കാഞ്ഞങ്ങാട് നിർവഹിക്കും. " കുതിച്ചുയരാം അറിവിലേക്കും തൊഴിലിലേക്കും " എന്നതാണ് ഈ വർഷത്തെ പ്രമേയം. ശുചിത്വം, ലഹരി വിരുദ്ധ പ്രചാരണങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ മേഖലകളിൽ ഈ മാസം 15 വരെ പരിപാടികൾ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

മന്ത്രി വി. ശിവൻകു ട്ടി

എയിഡഡ് സ്കൂൾ നിയമനങ്ങളിൽ കോടതിയെ സമീപിക്കേണ്ടത് പ്രശ്നങ്ങൾ ഉന്നയിക്കുന്ന മാനേജ്മെന്റുകൾ തന്നെയാണെന്ന് മന്ത്രി വി. ശിവൻകുട്ടി. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും താൽപര്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. അനാവശ്യ സമരങ്ങളിൽ നിന്ന് പിന്മാറണമെന്നും വിഷയത്തിൽ ചർച്ചയ്ക്ക് തയ്യാറാണെന്നും മന്ത്രി പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

ഓഹരി + സ്വർണ്ണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 716 പോയിന്റ് ഉയർന്ന് 80,983 ലും നിഫ്റ്റി 225 പോയിന്റ് നേട്ടത്തിൽ 24,836 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില ഉച്ചയ്ക്ക് ശേഷം വീണ്ടും കൂടി. പവന് 440 രൂപ കൂടി 87,440 രൂപയും ഗ്രാമിന് 10,930 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

&&&&&&&&&&&&&&&&&&

സേവ പർവ്വ് (**INTRO**)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, ആഗോള രാജ്യങ്ങളുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തിയതിനെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

( വോയിസ്....)

&&&&&&&&&&&&&&&&&&

സേവാ പർവ് (വോയിസ്)

ഇന്ന് ഇന്ത്യയുടെ ആഗോള ഇടപെടൽ അഭൂതപൂർവമായ തലങ്ങളിലെത്തി നിൽക്കുകയാണ്. ഗ്ലോബൽ സൗത്തുമായുള്ള ഇന്ത്യയുടെ ഇടപെടൽ, വികസ്വര രാഷ്ട്രങ്ങൾക്ക് പ്രാധാന്യമുള്ള ബഹുധ്രുവ ലോകത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ അടയാളപ്പെടുത്തുന്നു. ആഫ്രിക്കൻ യൂണിയനെ ജി 20 യിൽ ഉൾപ്പെടുത്താനുള്ള ഇന്ത്യയുടെ ശ്രമം, കോവിഡ്-19 മഹാമാരിയുടെ സമയത്ത് ഇന്ത്യയുടെ വാക്സിൻ മൈത്രി ശ്രമങ്ങൾ എന്നിവ ഇതിനു തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു...

( പി.എം. വോയിസ്....)

ബ്രിക്സ്, ക്വാഡ്, എസ്‌സിഒ തുടങ്ങിയ കൂട്ടായ്മകളിലെ ഇന്ത്യയുടെ ഇടപെടൽ സന്തുലിത പ്രവർത്തന രീതിയെയാണ് പ്രതിഫലിപ്പിക്കുന്നത്. പ്രധാനമന്ത്രിയുടെ നിരവധി അന്താരാഷ്ട്ര സന്ദർശനങ്ങൾ ഇന്ത്യയെ ആഗോളതലത്തിൽ മുൻപന്തിയിലേക്ക് നയിച്ചു.

( മ്യൂസിക്....)

RNU TVPM

&&&&&&&&&&&&&&&&&&

**ലക്ഷദ്വീപ് - കേരള മാരിടൈം ബോർഡ്**

ലക്ഷദ്വീപ് കപ്പലുകളും ചരക്ക് വാഹനങ്ങളും പ്രധാനമായും ആശ്രയിക്കുന്ന ബേപ്പൂർ തുറമുഖത്തെ വിവിധ സേവനങ്ങൾക്കുള്ള നിരക്കുകൾ വർദ്ധിപ്പിച്ച കേരള മാരിടൈം ബോർഡിന്റെ നടപടികൾ പിൻവലിക്കണമെന്ന് ലക്ഷദ്വീപ് എം.പി. ഹംദുള്ള സഈദ്. ഇത് സംബന്ധിച്ച് തുറമുഖ മന്ത്രി വി.എൻ. വാസവന് അദ്ദേഹം കത്തയച്ചു.

&&&&&&&&&&&&&&&&&&

**ജിഎസ് ടി പരിഷ്കാരങ്ങൾ**

പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ പ്രയോജനകരമാണെന്ന് കേന്ദ്രസർക്കാർ. നോട്ട്ബുക്കുകൾ, ഗ്രാഫ് ബുക്കുകൾ, പെൻസിലുകൾ ഉൾപ്പെടെയുള്ള സാധനങ്ങളെ 12 ശതമാനം സ്ലാബിൽ നിന്ന് ഒഴിവാക്കിയ തീരുമാനം വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കും ഏറെ സഹായകരമായി.

&&&&&&&&&&&&&&&&&&

ജി.എസ്.ടി ത ട്ടിപ്പ് - പ്രതിപക്ഷ നേതാവ്

വ്യാജ ജി.എസ്.ടി രജിസ്ട്രേഷനിൽ കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് നടന്നത് 1100 കോടി രൂപയുടെ തട്ടിപ്പെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. തട്ടിപ്പിനെ കുറിച്ച് സി.ബി.ഐ അന്വേഷിക്കണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. സർക്കാർ ഒരുനടപടിയും സ്വീകരിച്ചില്ലെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

&&&&&&&&&&&&&&&&&&

സൗജന്യ സ്തനാർബുദ പരിശോധന

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ സൗജന്യ സ്താനാർബുദ പരിശോധനയ്ക്കുള്ള സൗകര്യം. ഈ മാസം 31 വരെ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഉച്ചക്ക് 1.30 മുതൽ 3.30 വരെയാണ്, പരിശോധന. ഗാന്ധി ജയന്തി ദിവസമായ നാളെ പരിശോധന ഉണ്ടായിരിക്കില്ല. 0471 252 22 99 എന്ന നമ്പരിൽ പകൽ 10 നും 4 നുമിടയിൽ ബുക്ക് ചെയ്യാം.

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&

RNU TVPM